**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1493** **28-07-2021 - ൽ മറുപടിയ്ക്ക്**

**അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | അരൂർ ഫയർ സ്റ്റേഷൻ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി വ്യവസായ വകുപ്പിന്റെ 17.78 സെന്റ് (സർവ്വേ നം.409/5) സ്ഥലം ലഭ്യമാക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തിയപ്പോൾ റീ സർവ്വെ നം.409/5-ൽ 5.46 ആർസ് (13.500 സെന്റ്) സ്ഥലം മാത്രമാണുള്ളത്. കായൽ സർവ്വെയിൽപ്പെട്ട 5.20 ആർസ് സ്ഥലം കൂടി വകുപ്പിന് കൈമാറി ലഭിച്ചാൽ മാത്രമേ ഫയർ സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഭരണാനുമതി ലഭിച്ചില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഈ പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം കൈമാറി ലഭിച്ചാൽ മാത്രമേ ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ